പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1620 — 31.01.2018- ൽ മറുപടിയ്ക്ക്

## നെൽവയൽ സംരക്ഷണ നിയമ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>,, സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ സംരക്ഷണത്തിനായി നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | (എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തുകൊണ്ട് 2017 ഡിസംബർ 30-ാം തീയതി 2017-ലെ കേരള നെൽവയൽ സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) നെൽപാടങ്ങൾ നികത്തുന്നവർക്ക് ജയിൽ ശിക്ഷ നൽകുവാൻ നിർദ്ദേശമുണ്ടോ; | (ബി) നെൽപാടങ്ങൾ നികത്തുന്നവർക്ക് കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ മൂന്നുവർഷം വരെ ആകാവുന്നതുമായ തടവും, അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപവരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം നെൽവയൽ നികത്തുന്നത് ജാമ്യം ലഭിക്കാത്ത കുറ്റമായി മാറും. |
| (സി) തരിശ് കിടക്കുന്ന കൃഷിഭൂമിയിൽ ഉടമസ്ഥരുടെ അനുമതിയില്ലെങ്കിലും പഞ്ചായത്ത് നിർദ്ദേശിക്കുന്ന വ്യക്തിക്കോ, ഏജൻസിക്കോ കൃഷി ചെയ്യാമെന്ന നിബന്ധന കൊണ്ടു വന്നിട്ടുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിബന്ധന രാഷ്ട്രീയമായി ദുരുപയോഗപ്പെടുത്തുവാനുള്ള സാഹചര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) & (ഡി) ഉണ്ട്. കൃഷി യോഗ്യമായ തരിശ് ഭൂമിയിൽ കൃഷി ചെയ്യുവാൻ ഉടമസ്ഥന് താൽപ്പര്യമില്ലെങ്കിൽ കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ളവരെകൊണ്ട് കൃഷി ഇറക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ ഉടമസ്ഥന്റെ കൃഷി ഭൂമിയിലുള്ള അവകാശം പൂർണ്ണമായും സംരക്ഷിക്കപ്പെടുകയും, കൃഷി ഭൂമിയിൽ കൃഷി ചെയ്യുന്നുവെന്ന ഉറപ്പു വരുത്തുകയും, ഈ നിബന്ധന രാഷ്ട്രീയമായ ദുരുപയോഗം ചെയ്യപ്പെടുമെന്ന് വിചാരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ